പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2468

12.02. 2020 ൽ മറുപടിക്ക്

# വൈദ്യുതി നിരക്ക് വർദ്ധന

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) 2019-2022 കാലത്തെ സംസ്ഥാനത്തെ വൈദ്യുതി നിരക്ക് വർദ്ധനവിൽ എത്ര ശതമാനം വർദ്ധനവാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) 2018-2022 കാലയളവിലേയ്ക്ക് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ പ്രതീക്ഷിത വരവു ചെലവു കണക്കുകൾ (ARR & ERC Petition), അംഗീകാരത്തിനായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചതോടൊപ്പം തന്നെ 2018-19, 2020-21 വർഷങ്ങളിൽ താരിഫ് പരിഷ്കരണം ആവശ്യപ്പെട്ടും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. Control Period (2018-2022) ലെ എല്ലാ സാമ്പത്തിക വർഷങ്ങളിലും (യഥാക്രമം 32.15 കോടി രൂപ, 800.56, 944.75, 998.53) റവന്യൂ ഗ്യാപ്പ് ഉണ്ടാകുമെന്ന് 08.07.2019 ലെ ഉത്തരവിലൂടെ കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ മാത്രം 902.94 കോടി രൂപ അധികം വരുമാനം ലഭ്യമാകത്തക്ക വിധത്തിലുള്ള താരിഫ് പരിഷ്കരണത്തിനാണ് റെഗുലേറ്ററി കമ്മീഷൻ 08.07.2019 ലെ ഉത്തരവിലൂടെ അനുമതി നൽകിയിട്ടുള്ളത്. ടി പരിഷ്കരണം മൂലം 6.81 ശതമാനം അധിക വരുമാനം ഉണ്ടാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. |
| (ബി) 100 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് പ്രതിമാസം എത്ര രൂപയുടെ വർദ്ധനവാണ് വരുത്തിയിരിക്കുന്നത് എന്നറിയിക്കാമോ; | (ബി) 100 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക്, 08.07.2019 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് പരിഷ്കരണം മൂലമുള്ള വർദ്ധനവ് സംബന്ധിച്ച വിശദാംശം അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |
| (സി) കേന്ദ്ര വൈദ്യുതി നിയമമനുസരിച്ച് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുള്ള അധികാരം ആർക്കാണ് നിശ്ചയിച്ചിരിക്കുന്നത്; ഇതിൽ സംസ്ഥാന സർക്കാരിന്റെ പങ്ക് വ്യക്തമാക്കുമോ? | (സി) വൈദ്യുതി നിയമം – 2003 ലെ 62,86 എന്നീ സെക്ഷനുകൾ പ്രകാരം സംസ്ഥാനത്തെ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. താരിഫ് പരിഷ്കരണ പ്രക്രിയയിൽ, സംസ്ഥാന സർക്കാരിന് നിയമപരമായി യാതൊരുവിധ പങ്കുമില്ല. എന്നിരുന്നാലും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന താരിഫിന് മേൽ വൈദ്യുതി നിയമം 65-ലെ വ്യവസ്ഥകൾ പ്രകാരം സബ്സിഡി അനുവദിച്ച്, ഏതെങ്കിലും വിഭാഗം ഉപഭോക്താക്കളുടെ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള വൈദ്യുതി നിരക്കിന് മേൽ ഭാഗികമായോ പൂർണ്ണമായോ ഇളവ് അനുവദിച്ചു നൽകാവുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന തുക സെക്ഷൻ 65 ലെ വ്യവസ്ഥകൾ പ്രകാരം മുൻകൂറായി വിതരണ ലൈസൻസിക്കു നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം-1</u>

| പ്രതിമാസ ഉപയോഗം (യൂണിറ്റിൽ) | എനർജി ചാർജിലുള്ള വർദ്ധനവ് (രൂപയിൽ) | പ്രതിമാസ ഉപയോഗം (യൂണിറ്റിൽ) | എനർജി ചാർജിലുള്ള വർദ്ധനവ് (രൂപയിൽ) |
|---|---|---|---|
| 1 | 0.25 | 51 | 12.80 |
| 2 | 0.50 | 52 | 13.10 |
| 3 | 0.75 | 53 | 13.40 |
| 4 | 1.00 | 54 | 13.70 |
| 5 | 1.25 | 55 | 14.00 |
| 6 | 1.50 | 56 | 14.30 |
| 7 | 1.75 | 57 | 14.60 |
| 8 | 2.00 | 58 | 14.90 |
| 9 | 2.25 | 59 | 15.20 |
| 10 | 2.50 | 60 | 15.50 |
| 11 | 2.75 | 61 | 15.80 |
| 12 | 3.00 | 62 | 16.10 |
| 13 | 3.25 | 63 | 16.40 |
| 14 | 3.50 | 64 | 16.70 |
| 15 | 3.75 | 65 | 17.00 |
| 16 | 4.00 | 66 | 17.30 |
| 17 | 4.25 | 67 | 17.60 |
| 18 | 4.50 | 68 | 17.90 |
| 19 | 4.75 | 69 | 18.20 |
| 20 | 5.00 | 70 | 18.50 |
| 21 | 5.25 | 71 | 18.80 |
| 22 | 5.50 | 72 | 19.10 |
| 23 | 5.75 | 73 | 19.40 |
| 24 | 6.00 | 74 | 19.70 |
| 25 | 6.25 | 75 | 20.00 |
| 26 | 6.50 | 76 | 20.30 |
| 27 | 6.75 | 77 | 20.60 |
| 28 | 7.00 | 78 | 20.90 |
| 29 | 7.25 | 79 | 21.20 |
| 30 | 7.50 | 80 | 21.50 |
| 31 | 7.75 | 81 | 21.80 |
| 32 | 8.00 | 82 | 22.10 |
| 33 | 8.25 | 83 | 22.40 |
| 34 | 8.50 | 84 | 22.70 |
| 35 | 8.75 | 85 | 23.00 |
| 36 | 9.00 | 86 | 23.30 |
| 37 | 9.25 | 87 | 23.60 |
| 38 | 9.50 | 88 | 23.90 |
| 39 | 9.75 | 89 | 24.20 |
| 40 | 10.00 | 90 | 24.50 |
| 41 | 10.25 | 91 | 24.80 |
| 42 | 10.50 | 92 | 25.10 |
| 43 | 10.75 | 93 | 25.40 |
| 44 | 11.00 | 94 | 25.70 |
| 45 | 11.25 | 95 | 26.00 |
| 46 | 11.50 | 96 | 26.30 |
| 47 | 11.75 | 97 | 26.60 |
| 48 | 12.00 | 98 | 26.90 |
| 49 | 12.25 | 99 | 27.20 |
| 50 | 12.50 | 100 | 27.50 |

എന്നാൽ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന ഗാർഹിക വിഭാഗം ഉപഭോക്താക്കളുടെ കണക്റ്റഡ് ലോഡ് 1000 വാട്ട്സിന് താഴെയാണെങ്കിൽ, ആദ്യത്തെ 40 യൂണിറ്റ് വരെ വർദ്ധനവ് ഇല്ല. ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടാത്ത ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജിനത്തിൽ [50 യൂണിറ്റ് വരെ – 5 രൂ ; 50 മുതൽ 100 വരെ – 15 രൂ] മുകളിൽ സൂചിപ്പിച്ചിരിക്കുന്ന എനർജി ചാർജിലുള്ള വർദ്ധനവിനു പുറമെയുണ്ട്.

[illegible]